**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 393** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കയർ മേഖലയിൽ പ്രശ്നങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. ഡി. തോമസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കയർ വ്യവസായ മേഖലയിൽ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത കുറവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** അയൽ സംസ്ഥാനങ്ങളിൽ നിന്ന് തൊണ്ട് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഗുണമേന്മയുള്ള ചകിരിയുടെ കുറവ് മാർക്കറ്റിൽ ഉണ്ടാകുമ്പോൾ യഥാസമയം ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 2025-26 സാമ്പത്തിക വർഷം മുതൽ ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ച് കയർഫെഡ് വഴി പദ്ധതി നടപ്പിലാക്കി വരുന്നു.

**(സി)** കയർ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് കർമ്മ പദ്ധതി നടപ്പിലാക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കയർ മേഖലയിൽ തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികളുടെ കൂലി വർദ്ധനവ്, വരുമാനം ഉറപ്പാക്കൽ പദ്ധതി, കയർ പിരി മേഖലയിലെ സ്പിന്നിംഗ്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകളുടെ സ്ഥാപിക്കൽ , ചകിരി ഉല്പാദന മേഖലയിൽ ഡീഫൈബറിംഗ് മെഷീനുകൾ എന്നിവ സ്ഥാപിച്ച് കൂടുതൽ ഉല്പാദനക്ഷമത കൈവരിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ രംഗത്തേക്ക് കടന്നുവരുന്നവർക്ക് കേരള സ്റ്റേറ്റ് കയർ കോർപറേഷൻ , കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി , നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ഏജൻസികൾ വഴി പരിശീലനം നൽകുകയും ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനവുമായി സഹകരിച്ച് പുതിയ ഡിസൈനുകൾ വികസിപ്പിച്ചും വരുന്നു.

**സെക്ഷൻ ഓഫീസർ**